# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2144

26.03.2013-ൽ മറുപടിക്ക്

## സംസ്ഥാന സഹകരണ യൂണിയന്റെ പ്രധാന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ :<br>ശ്രീ. എ.റ്റി. ജോർജ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വി.പി. സജീന്ദ്രൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ യൂണിയന്റെ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) 1969-ലെ സഹകരണ സംഘം നിയമം 89- ാം വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന സഹകരണ യൂണിയൻ കേരളത്തിലെ സഹകരണ വിദ്യാഭ്യാസം, പ്രചരണം, പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ സംസ്ഥാനത്ത് ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ കോഴ്സ് നടത്തുന്നതിനായി 12 സഹകരണ പരിശീലന കോളേജുകളും, ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ കോഴ്സ് നടത്തുന്നതിനായി 10 സഹകരണ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചു വരുന്നു. സഹകരണ മേഖലയിലെ അനൗദ്യോഗിക അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും, സഹകരണ വിദ്യാഭ്യാസം നൽകുന്നതിനുമായി ഓരോ ജില്ലയിലും അംഗ വിദ്യാഭ്യാസ യൂണിറ്റും, ആയതിൽ സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർമാരും പ്രവർത്തിക്കുന്നു. ദേശീയ സഹകരണ യൂണിയൻ അംഗീകരിച്ച |

നൽകിയിട്ടുള്ള സ്കീം പ്രകാരമാണ് ക്ലാസ്സുകൾ നടത്തി വരുന്നത്. കൂടാതെ വിവിധ സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾ/ പ്രസിഡന്റുമാർ എന്നിവർക്കായി നേതൃത്വ വികസന പരിപാടികളും, മാനേജ്മെന്റ് വികസന പരിപാടികളും നടത്തുന്നുണ്ട്. സഹകരണ സംഘങ്ങളിലെ വിവിധ തസ്തിക യിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം, ഇൻക്രിമെന്റ് എന്നിവ കിട്ടുന്നതിനായുള്ള തുടർ വിദ്യാഭ്യാസ പരിപാടികളും നടത്തി വരുന്നുണ്ട്.

(ബി) സംസ്ഥാന സഹകരണ യൂണിയനിലെ ജീവനക്കാരുടെ നിയമനരീതി എപ്രകാര മാണ്; വിശദമാക്കുമോ ;

(ബി) സർക്കാർ അംഗീകരിച്ച സംസ്ഥാന സഹകരണ യൂണിയന്റെ സ്റ്റാഫ് റഗുലേഷൻ റൂൾ വ്യവസ്ഥ യനുസരിച്ച് നേരിട്ടുള്ള നിയമന രീതിയാണ് യൂണിയനിൽ അവലംബിച്ചിട്ടുള്ളത്. ഒഴിവുള്ള തസ്തികകളിലേയ്ക്ക് മാനേജിംഗ് കമ്മറ്റിയുടെ അംഗീകാരത്തോടെ അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം കൊടുത്ത് അതിലൂടെ ലഭിക്കുന്ന അപേക്ഷകർക്ക് എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തി മെരിറ്റടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് മാനേജിംഗ് കമ്മറ്റി അംഗീകരിച്ച് നിയമനം നടത്തുന്നു. പുറമെയുള്ള ഒരു ഏജൻസിയെയാണ് എഴുത്തു പരീക്ഷ നടത്തുവാൻ ഏൽപ്പിക്കുന്നത്.

(സി) സംസ്ഥാന സഹകരണ യൂണിയനിൽ നിലവിൽ എത്ര ജീവനക്കാരുണ്ട് ;

(സി) സംസ്ഥാന സഹകരണ യൂണിയനിൽ നിലവിൽ 160 സ്ഥിരം ജീവനക്കാരുണ്ട്.

(ഡി) സംസ്ഥാന സഹകരണ യൂണിയന്റെ സാമ്പത്തികസ്ഥിതി വിലയിരുത്തി യിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ഡി) സംസ്ഥാന സഹകരണ യൂണിയന്റെ പ്രധാന വരുമാന മാർഗ്ഗം സഹകരണ സംഘം നിയമ പ്രകാരം സഹകരണ സംഘങ്ങളിൽ നിന്നും ലഭിക്കുന്ന അഫിലിയേഷൻ/റിന്യൂവൽ ഫീസ്, വിദ്യാഭ്യാസ ഫണ്ട് എന്നിവയാണ്. ഇപ്പോൾ

ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ എണ്ണം പ്രതിവർഷം കുറഞ്ഞു വരുന്നതു കൊണ്ട് ആയത് യൂണിയന്റെ വരുമാനത്തെയും, സാമ്പത്തിക സ്ഥിതിയെയും സാരമായി ബാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഫണ്ട് വിഹിതം സംബന്ധിച്ച് സർക്കാർ സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതു പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളും വിദ്യാഭ്യാസ ഫണ്ട് അടയ്ക്കേണ്ടതുണ്ട്. പ്രസ്തുത ഭേദഗതി അനുസരിച്ചുള്ള വിദ്യാഭ്യാസ ഫണ്ട് വിഹിതം ലഭിച്ചു തുടങ്ങുമ്പോൾ യൂണിയന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുന്നതിലൂടെ സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുന്നതാണ്.

| | |
|---|---|
| (ഇ) യൂണിയന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഇ) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെയും, സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി ചെലവു ചുരുക്കൽ നടപടി യൂണിയൻ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ